# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 193** — **26/09/2016-ൽ മറുപടിക്ക്**

**ജുവനൈൽ ഡയബറ്റീസ് ചികിത്സ**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ഡോ.എം. കെ. മുനീർ | | ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| എ) | സംസ്ഥാനത്ത് ജുവനൈൽ ഡയബറ്റീസ് ബാധിതരായ എത്ര കുട്ടികൾ ഉണ്ടെന്നറിക്കുമോ; | എ) യും ബി) യും | സംസ്ഥാനത്തെ മൊത്തം ജുവനൈൽ ഡയബറ്റിസ് ബാധിതരുടെ എണ്ണം ലഭ്യമല്ല. എന്നാൽ ജുവനൈൽ ഡയബറ്റിസ് ബാധിതർക്കായി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസ്, തിരുവനന്തപുരം നടപ്പിലാക്കി വരുന്ന സിഡിക് (ചെയിഞ്ചിംഗ് ഡയബറ്റിസ് ഇൻ ചിൽഡ്രൻ), ജീവാമൃതം എന്നീ രണ്ട് പ്രൊജക്ടുകളിലായി 112 പേരും റഗുലർ ഒ.പി വിഭാഗത്തിൽ രണ്ടു പേരും ചേർത്ത് 114 പേർ ചികിത്സ നടത്തി വരുന്നുണ്ട്. ഇതു കൂടാതെ വിവിധ മെഡിക്കൽ കോളേജുകളിൽ 250 ഓളം പേർ ഇപ്പോൾ ചികിത്സയിലാണ്. |
| ബി) | ഇവരിൽ എത്ര കുട്ടികൾ സർക്കാർ മെഡിക്കൽ കോളേജുകളിലും മറ്റ് ആശുപത്രികളിലും തുടർചികിത്സ സ്വീകരിച്ചുവരുന്നു; വിശദമാക്കുമോ; | | |
| സി) | ഈ കുഞ്ഞുങ്ങൾക്ക് ജീവിതകാലം മുഴുവൻ ഇൻസുലിൻ ആവശ്യമാണ് എന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | സി) | ഉണ്ട്. ജുവനൈൽ ഡയബറ്റിസ് എന്ന രോഗം ജനിതകമായി ഇൻസുലിന്റെ അഭാവം കൊണ്ട് ഉണ്ടാകുന്നതാണ്. അതുകൊണ്ട് തന്നെ ഇൻസുലിൻ ആണ് ഈ രോഗത്തിന്റെ ഏക ചികിത്സാ വിധി. |
| ഡി) | ഇവർക്കായി ഇൻസുലിൻ പമ്പ് ഉൾപ്പെടെയുള്ള ചികിത്സാ സംവി- ധാനങ്ങൾ ലഭ്യമാക്കാൻ കഴിഞ്ഞ സർക്കാർ രൂപം നൽകിയ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | ഡി) യും ഇ) യും | ജുവനൈൽ ഡയബറ്റിസ് ബാധിച്ച കുട്ടികൾക്ക് ആയി ഇൻസുലിൻ പമ്പ് സൗജന്യമായി നൽകുന്ന പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| ഇ) | ഇല്ലെങ്കിൽ നടപ്പിലാക്കുന്നകാര്യം പരിഗണിക്കുമോ? | | |

സെക്ഷൻ ഓഫീസർ